പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ഇന്ദിരാ ആവാസ് യോജന സ്തംഭനാവസ്ഥ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5851

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)<br>" പി.റ്റി.എ.റഹീം<br>" എസ്.ശർമ്മ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഇന്ദിരാ ആവാസ് യോജന പ്രവർത്തനം ഇപ്പോൾ സ്തംഭനാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ച തുകയിലെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വേണ്ടതുക കണ്ടെത്താൻ പഞ്ചായത്തുകൾക്ക് സാധിക്കാതിരിക്കുന്ന സ്ഥിതി വിശേഷം എങ്ങിനെ മറികടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരമുള്ള തുക വർദ്ധനവിന് 15.9.2011 മുതൽ മുൻകാല പ്രാബല്യം നൽകിയതിനാൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരമുള്ള വീടിന്റെ യൂണിറ്റ് നിരക്ക് കേന്ദ്രസംസ്ഥാന സർക്കാരുകൾ 75:25 എന്ന നിരക്കിൽ കണ്ടെത്തുന്നതിനു പുറമെ വരുന്ന ത്രിതല പഞ്ചായത്തുകളുടെ വിഹിതം വികസന ഫണ്ടിൽ നിന്നും 25:50:25 എന്ന അനുപാതത്തിൽ ജില്ലാ/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ച നിരക്കിൽ സഹായം കിട്ടാൻ അർഹതയുള്ള ഗുണഭോക്താക്കൾക്ക് 75,000/- രൂപ വീതം അധിക ധനസഹായം നൽകാൻ സർക്കാർ തീരുമാനിക്കുകയും ഈ തുകയിൽ ഒരു വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതിനകം നൽകി കഴിയുകയും ചെയ്തു. അധിക സാമ്പത്തിക സഹായത്തിൽ സർക്കാർ ലഭ്യമാക്കാനുള്ള തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും 11.25% പലിശയ്ക്ക് വായ്പ എടുക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിൽ ചെലവാകാത്ത തുക ഈ ആവശ്യത്തിലേക്ക് വിനിയോഗിക്കുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2012-.2013-ലെ അധിക ധനസഹായം നൽകാൻ വേണ്ടി എടുക്കുന്ന വായ്പാ തുകയുടെ മുതലും പലിശയും സർക്കാർ വഹിക്കുന്നതാണെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ, 2011-12 ലെ ഗുണഭോക്താക്കൾക്ക് ഒരു വീടിന് 75,000/- രൂപ നിരക്കിൽ ബ്ലോക്കു. പഞ്ചായത്തുകൾ ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തു നൽകുവാനും വായ്പ തുക 10 വർഷംകൊണ്ടു തുല്യഗഡുക്കളായി ബ്ലോക്കു പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കുവാനും വായ്പയുടെ 11.25% പലിശ സംസ്ഥാന സർക്കാർ അടയ്ക്കണമെന്നും ഉത്തരവായി. |

സെക്ഷൻ ഓഫീസർ